**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2920** **10-03-2025 - ൽ മറുപടിയ്ക്ക്**

**കടലുണ്ടി പുഴയിലെ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് പഞ്ചായത്തിലെ കടലുണ്ടിക്കടവ് പാലത്തിന് സമീപം കടലും കടലുണ്ടി പുഴയും ചേരുന്ന അഴിമുഖത്ത് മണ്ണും ചെളിയും മറ്റും അടഞ്ഞുകൂടി പുഴയുടെ നീരൊഴുക്ക് പൂർണ്ണമായും തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട് |
| (ബി) | ഇവ നീക്കം ചെയ്യുന്നതിന് എന്തെങ്കിലും പ്രപ്പോസ്സലുകൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ; ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | കടലുണ്ടിപുഴയുടെ അഴിമുഖത്ത് അടിഞ്ഞുകൂടിയ മണ്ണും ചെളിയും കാരണം പുഴയുടെ മേൽ ഭാഗത്ത് ഇരുവശങ്ങളിലും വെള്ളക്കെട്ട് രൂപപ്പെട്ടുകയും, ജലയാനങ്ങൾക്ക് കടലിൽ നിന്നും പുഴയിലേക്ക് പ്രവേശിക്കുന്നതിന് തടസ്സം നേരിടുകയും ചെയ്യുന്നുണ്ട്. പ്രസ്തുത വിഷയത്തിൽ ഡീസിൽറ്റേഷൻ പ്രവർത്തിക്കു വേണ്ടി 5 കോടി രൂപയുടെ എസ്റ്റിമേറ്റും, ആയത് വശങ്ങളിലേക്ക് നീക്കിയിടുന്നതിന് 44 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ജില്ലാ കളക്ടർക്ക് സമർപ്പിച്ചെങ്കിലും ആയതിന് അംഗീകാരം ലഭ്യമായിട്ടില്ല. മേൽ വിഷയത്തിൽ 02-11-2024 തീയതിയിൽ മലപ്പുറം ജില്ലാകളക്ടറുടെ ചേമ്പറിൽ ജില്ലാദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം ചേരുകയും, യോഗത്തിൽ പ്രസ്തുത പ്രവൃത്തി PWD ബ്രിഡ്ജസ് വിഭാഗം, ഇറിഗേഷൻ വകുപ്പ് എന്നിവരുടെ മേൽ നോട്ടത്തിൽ മാത്രം പുഴയിലും അഴിമുഖത്തും അടിഞ്ഞുകൂടിയ മണലും ചെളിയും താൽകാലികമായി പുഴയുടെ മറ്റൊരു ഭാഗത്തേക്ക് നീക്കി മാറ്റുന്നതിന് വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകുകയും, പ്രവൃത്തി നിർവ്വഹണത്തിനാവശ്യമായ ഫണ്ട് പഞ്ചായത്ത് തന്നെ കണ്ടെത്തേണ്ടതാണെന്നും മലപ്പുറം ജില്ലാകളക്ടർ നിർദ്ദേശിച്ചു. എന്നാൽ മേൽ പ്രവൃത്തിയ്ക്ക് ഫണ്ട് ലഭ്യമല്ലാത്തതിനാൽ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.<br><br>ഈ പ്രദേശത്തെ ചെളിയും മണ്ണും Turn Key അടിസ്ഥാനത്തിൽ നീക്കം ചെയ്യുന്നത് ഉചിതമായതിനാൽ അടിഞ്ഞു കൂടിയ മണ്ണിന്റേയും |

| | | | |
|---|---|---|---|
| | | | ചെളിയുടേയും അളവും ഘടനയും കണ്ടെത്തുന്നതിനായി ടോപോഗ്രാഫിക് സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കടലുണ്ടിപുഴയുടെ അഴിമുഖമായ പ്രസ്തുത പ്രദേശത്ത് ഏകദേശം **700** മീറ്റർ അകലത്തിൽ പൊതുമരാമത്ത് പാലവും, റെയിൽവേയുടെ പാലവും, സ്ഥിതിചെയ്യുന്നതിനാൽ,പുഴയിലെ നിർമ്മിതികൾക്ക് സമീപത്തു നിന്നും Desiltation നടത്തുന്നതിനായി Ministry of Jalasakti പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള വിവരങ്ങൾ നൽകുവാൻ PWD വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട് .ആയത് ലഭ്യമാകുന്ന മുറയ്ക്ക് സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ച് ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ